**കേരള സർക്കാർ**

സംഗ്രഹം

കൊല്ലം ജില്ലയിലെ വിവിധ പ്രോഗ്രാമുകളുടെ നോഡൽ ആഫീസർമാരായ ജില്ലാ സർവലൈൻസ് ആഫീസർ & ഡെപ്യൂട്ടി ജില്ലാ മെഡിക്കൽ ആഫീസർ, ഡെപ്യൂട്ടി ജില്ലാ മെഡിക്കൽ ആഫീസർ, ജില്ലാ മലേറിയ ആഫീസർ എന്നിവരുടെ പേരിൽ കൊല്ലം ജില്ലാ ട്രഷറിയിൽ ഓരോ പലിശ രഹിത സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

***ധനകാര്യ (സ്ട്രീംലൈനിംഗ്) വകുപ്പ്***

സ.ഉ. (സാധാ) നം. **8856/2017/ധന.** തിരുവനന്തപുരം, തീയതി **25.11.2017**

---

പരാമർശം - ആരോഗ്യവകുപ്പ് ഡയറക്ടറുടെ 13.10.2017 ലെ എ.ഡി.3-88807/17/ആ.വ.ഡ നമ്പരായുള്ള കത്ത്

**<u>ഉത്തരവ്</u>**

കൊല്ലം ജില്ലയിലെ വിവിധ പ്രോഗ്രാമുകൾക്ക് പ്ലാൻ/നോൺ പ്ലാൻ ശീർഷകത്തിൽ ലഭിക്കുന്ന ഫണ്ടുകൾ ചെലവഴിക്കുന്നത് പ്രോഗ്രാമുമായി ബന്ധപ്പെട്ട നോഡൽ ആഫീസർമാരാണെന്നും അതിനാൽ പ്രോഗ്രാമുകളുടെ സുഗമമായ നടത്തിപ്പിനായി നോഡൽ ആഫീസർമാരായ ജില്ലാ സർവലൈൻസ് ആഫീസർ & ഡെപ്യൂട്ടി ജില്ലാ മെഡിക്കൽ ആഫീസർ, ഡെപ്യൂട്ടി ജില്ലാ മെഡിക്കൽ ആഫീസർ, ജില്ലാ മലേറിയ ആഫീസർ എന്നിവരുടെ പേരിൽ കൊല്ലം ജില്ലാ ട്രഷറിയിൽ ഓരോ പലിശ രഹിത സ്പെഷ്യൽ റ്റി. എസ്.ബി. അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകണമെന്ന് ആരോഗ്യവകുപ്പ് ഡയറക്ടർ പരാമർശത്തിലെ കത്തിലൂടെ ആവശ്യപ്പെട്ടിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, മേൽ സൂചിപ്പിച്ച ആവശ്യത്തിനായി, കൊല്ലം ജില്ലയിലെ ജില്ലാ സർവലൈൻസ് ആഫീസർ & ഡെപ്യൂട്ടി ജില്ലാ മെഡിക്കൽ ആഫീസർ, ഡെപ്യൂട്ടി ജില്ലാ മെഡിക്കൽ ആഫീസർ, ജില്ലാ മലേറിയ ആഫീസർ എന്നിവരുടെ പേരിൽ കൊല്ലം ജില്ലാ ട്രഷറിയിൽ ഓരോ പലിശ രഹിത സ്പെഷ്യൽ റ്റി. എസ്.ബി. അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**സുരേഷ് കുമാർ ഒ.ബി.**
അണ്ടർ സെക്രട്ടറി (ധനകാര്യം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ജി & എസ്.എസ്.എ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്. എ) കേരള, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
ആരോഗ്യവകുപ്പ് ഡയറക്ടർ, വഞ്ചിയൂർ പി.ഒ., തിരുവനന്തപുരം - 695 035
ആരോഗ്യ (M) വകുപ്പ് (e-file No: HEALTH-M2/661/2017-HEALTH പ്രകാരം)
ധനകാര്യ (H&L-A) വകുപ്പ്
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ